# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 271 — 03.02.2020-ൽ മറുപടിയ്ക്ക്

### കൊണ്ടോട്ടി താലൂക്ക് ആയുർവേദ ആശുപത്രി

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിച്ചിട്ടില്ല. ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലവും കെട്ടിട സൗകര്യവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല. |
| (ബി) | കൊണ്ടോട്ടിയിൽ താലൂക്ക് ആയുർവേദ ആശുപത്രിക്ക് വേണ്ടി സ്ഥലമോ, കെട്ടിടമോ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കൊണ്ടോട്ടി താലൂക്ക് ആയുർവേദ ആശുപത്രിയ്ക്ക് വേണ്ടി കോട്ട കുടുംബം 30 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് അറിയിക്കുകയും പ്രസ്തുത സ്ഥലം 21.11.2017 ൽ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥലവും കെട്ടിടവും ഇതുവരെയും ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ആശുപത്രിക്ക് വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | സൃഷ്ടിച്ചിട്ടില്ല. |
| (ഡി) | കൊണ്ടോട്ടി താലൂക്കിലെ ഏതെങ്കിലും പഞ്ചായത്തിലെ പഞ്ചായത്ത് ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ വേണ്ട ഭൂമിയും കെട്ടിട സൗകര്യങ്ങളും ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ? | | കൊണ്ടോട്ടി താലൂക്കിലെ ചേലാമ്പ്ര പഞ്ചായത്തിലെ ചേലാമ്പ്ര ഗവൺമെന്റ് ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ വേണ്ട ഭൂമി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പണി നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ